"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കൊല്ലം സബ് കളക്ടറുടെ നടപടിക്രമത്തിനെതിരെ ശ്രീ.അശോകൻ സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.560/2026/AGRI തീയതി,തിരുവനന്തപുരം, 18-06-2026

---

പരാമർശം:- 1. കൊല്ലം സബ് കളക്ടറുടെ 04.02.2025-ലെ 67/2025 നമ്പർ നടപടിക്രമം.

2. ശ്രീ.അശോകൻ സർക്കാരിൽ സമർപ്പിച്ച 22.07.2025-ലെ റിവിഷൻ ഹർജി.

3. തൃക്കോവിൽവട്ടം കൃഷി ഓഫീസറുടെ 16.04.2025-ലെ TKVM 04/25-26 നമ്പർ റിപ്പോർട്ട്.

4. കൊല്ലം ജില്ലാ കളക്ടറുടെ 24.05.2025-ലെ DCKLM/5388/2025-L10 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ തൃക്കോവിൽവട്ടം വില്ലേജിൽ ബ്ലോക്ക് നം.22-ൽ സർവ്വേ നം234/10, 234/11, 234/14, 234/15 എന്നിവയിൽപ്പെട്ട 16.10 ആർസ് ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി ശ്രീ.അശോകൻ സമർപ്പിച്ച ഫോം 5 അപേക്ഷ നിരസിച്ച കൊല്ലം സബ് കളക്ടറുടെ പരാമർശം (1) നടപടിക്രമത്തിനെതിരെ പരാമർശം (2) പ്രകാരം ടിയാൻ സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജിയിയിന്മേൽ പരാമർശം (4) പ്രകാരം കൊല്ലം കളക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ (ഭേദഗതി) നിയമം 2018 നിയമത്തിന്റെ ചട്ടം 4(ഡി) പ്രകാരമുള്ള ഫോറം-5 അപേക്ഷ നിരസിച്ചതിന് ശ്രീ.അശോകൻ എന്നവർ നിയമത്തിന്റെ വകുപ്പ് 28 പ്രകാരം സമർപ്പിച്ച റിവിഷൻ ഹർജിയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ കൊല്ലം സബ് കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ, ശ്രീ.അശോകൻ, അജേഷ് ഭവൻ അയത്തിൽ ചേരി എന്നയാൾ പേരിൽ തൃക്കോവിൽ വട്ടം വില്ലേജിൽ റീസർവ്വേ ബ്ലോക്ക് നം.22-ൽ 23619 തണ്ടപ്പേർ പ്രകാരം സർവ്വേ നം. 234/10-ൽ ഉൾപ്പെട്ട 03.00 ആർസും 234/11-ൽ ഉൾപ്പെട്ട 04.00 ആർസും 234/14-ൽ ഉൾപ്പെട്ട 04.60 ആർസും 234/15-ൽ ഉൾപ്പെട്ട 04.50 ആർസും ഉൾപ്പെടെ 16.10 ആർസ് സ്ഥലം വിജ്ഞാപനം ചെയ്ത ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിലേയ്ക്ക് 1/2023/1772974 നമ്പരായി അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും പ്രസ്തുത അപേക്ഷയിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നുവെന്നും പരിവർത്തനപ്പെട്ട കാലാവധി മനസ്സിലാക്കുന്നതിനായി

കെ.എസ്.ആർ.ഇ.സി റിപ്പോർട്ട് പരിശോധിച്ച് കൃഷി ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ അപേക്ഷ ഭൂമി 2008-ൽ പൂർണ്ണമായും പരിവർത്തനപ്പെട്ടിട്ടില്ല എന്നതിനാലും നിലവിൽ വയൽ ഉൾപ്പെടുന്നതിനാലും പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ലായെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.അശോകന്റെ അപേക്ഷ നിരസിച്ചതെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

3. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 18.02.2026-ന് കൃഷി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തവർ ചുവടെ ചേർക്കും പ്രാകാരം കാര്യങ്ങൾ ബോധിപ്പിച്ചു:

(i) റിവിഷൻ ഹർജിക്കാരൻ:

ഹർജി ഭൂമി 2008-ന് മുമ്പ് നികന്നസ്ഥലമാണ്. ആകയാൽ ഫോം 5 അപേക്ഷ അനുവദിക്കണം. തൃക്കോവിൽവട്ടം വില്ലേജിൽ ബ്ലോക്ക് 22-ൽ റീസർവ്വേ 234/10-03.00 ആർസ് 234/11-ൽ 4.00 ആർസ് 234/14-ൽ 04.60 ആർസ്, 234/15-ൽ 04.50 ആർസ് ഉൾപ്പെടെയുള്ള 16.10 ആർസ് സ്ഥലം കൊല്ലം- കണ്ണനല്ലൂർ റോഡിൽ കണിയോംതോട് ജംഗ്ഷനിൽ കിഴക്ക് മാറിയുള്ള ആക്കവിള ക്രഷറിന്റെ തെക്ക് ഭാഗത്തുകൂടി കിഴക്കോട്ട് പോകുന്ന കണിയാം തോടിന്റെ കൈതോടിന് വടക്കായി ഒറ്റ അടവായി ടി സ്ഥലം സ്ഥിതി ചെയ്യുന്നു. ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി ബഹു.കൊല്ലം ആർ.ഡി.ഒ. മുമ്പാകെ ഫോം 5-ൽ അപേക്ഷ സമർപ്പിച്ചിരുന്നതും ആയത് നിരസിച്ചിട്ടുള്ളതുമാണ്. ഫോം 5-ൽ സമർപ്പിച്ച അപേക്ഷയിൽ പറയുന്ന തൃക്കോവിൽ വട്ടം വില്ലേജിൽ ബ്ലോക്ക് 22-ൽ റീസർവ്വേ 234/10, 234/11, 234/15-ൽപ്പെട്ട 11.50 ആർസ് സ്ഥലം 2008-ന് മുമ്പ് നികത്തപ്പെട്ടതും ടി സ്ഥലത്ത് കായഫലമുള്ള തെങ്ങ് 15 എണ്ണവും, ആഞ്ഞിലി 5 എണ്ണവും, മാവ് 1-ഉം കാണപ്പെടുന്നതാണ്. ടി സ്ഥലത്തിന്റെ സമീപപ്രദേശങ്ങളിൽ ഒന്നും തന്നെ നെൽകൃഷി ഇല്ലാത്തതുമാണ്. അങ്ങയുടെ സമക്ഷത്തിൽ ദയവുണ്ടായി സ്ഥല പരിശോധന നടത്തിയാൽ സത്യാവസ്ഥ അങ്ങേയ്ക്ക് ബോധ്യപ്പെടുന്നതാണ്. എന്റെ കൈവശത്തിലും കരം ഉടക്കിലുമുള്ളതും 2008-ന് നികത്തപ്പെട്ടതുമായ തൃക്കോവിൽവട്ടം വില്ലേജിൽ ബ്ലോക്ക് 22-ൽ റീസർവ്വേ 234/10-ൽ 03.00 ആർസും, 234/11-ൽ 04.00 ആർസും, 234/15-ൽ 04.50 ആർസും ഉൾപ്പെടെയുള്ള 11.50 ആർസ് സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിതരണമെന്ന് അപേക്ഷിക്കുന്നു.

(ii) കൃഷി ഓഫീസർ:

ഹർജി ഭൂമി വിവിധ സബ് ഡിവിഷനുകളിൽ ഉൾപ്പെട്ടതാണ്. അതിൽ ചില ഭാഗം പരിവർത്തനം ചെയ്യപ്പെട്ടതായും കാണപ്പെടുന്നു. അതിർത്തി തിരിച്ച് സർവ്വേ നടത്തി സർവ്വേ നം വ്യക്തമാക്കിയാൽ മാത്രമേ ഏതൊക്കെ ഭാഗമാണ് നിലം എന്ന് നികത്തപ്പെട്ടത് എന്നും അറിയാൻ കഴിയുകയുള്ളൂ. 22/7/2022- ലെ LLMC Report-ൽ സർവ്വേ നം. 234/10, 234/11, 234/14, 234/15 മാത്രമാണ് ഉള്ളത്. ഇതേ സർവ്വേ നമ്പറുകൾക്ക് നികത്തുന്നതിന് LLMC അനുവാദം നൽകിയിട്ടുണ്ട്. സർവ്വേ നം. 234/14 വയലാണ്. സർവ്വേ നം. 234/14 പിന്നീടുള്ള അപേക്ഷയിൽ ഉൾപ്പെട്ടതായി കാണുന്നു. അപേക്ഷകനു തന്നെ ടി 231/14 ഏത് ഭാഗത്താണ് എന്ന് വ്യക്തമല്ല. വില്ലേജ് ഓഫീസറും സ്ഥലപരിശോധന നടത്തിയതിൽ പങ്കെടുത്തു.10,11,15 ഉം ഏതാണെന്ന് വ്യക്തമാക്കിയതിനാൽ അത്രയും ഭാഗം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കാം.

234/10, 234/11ഉം. ഭൂമി വയലിനടുത്താണ് കിടക്കുന്നത്. ഒരു രജിസ്റ്റേർഡ് സർവ്വേയറുടെ സഹായത്തോടെ ഭൂമി അതിർത്തി തിരിച്ചാൽ ഇക്കാര്യം പരിശോധിച്ച് തീർപ്പാക്കാവുന്നതാണ്. 234/16 തരം മാറ്റിയതാണ് അത് ഇദ്ദേഹത്തിന്റെ ഭൂമിയാണ്.

(iii) റവന്യൂ ഡിവിഷണൽ ഓഫീസിൽ നിന്നും ജൂനിയർ സൂപ്രണ്ട്:

കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഫോം.5 നിരസിച്ചത്. KSREC റിപ്പോർട്ട് പ്രകാരം, പൂർണ്ണമായും പരിവർത്തനപ്പെടുത്താത്തതിനാലും നിലവിൽ വയൽ ഭാഗം ഉൾപ്പെടുന്നതിനാലും പ്രസ്തുത ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(iv) ജില്ലാ കളക്ടർക്ക് വേണ്ടി ജൂനിയർ സൂപ്രണ്ട്:

അതിർത്തി നിർണ്ണയിക്കുന്നതിന് അപേക്ഷകൻ മുൻകൈ എടുക്കേണ്ടതാണ് എന്നറിയിച്ചു.

4. കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ള KSREC റിപ്പോട്ടിൽ ചുവടെ പറയും പ്രകാരം വ്യക്തമാക്കിയിരിക്കുന്നു:

OBSERVATIONS& CONCLUSIONS

The analysis has been carried out from all available data sets of topo sheet (1967) and different satellite data sets of 2008, 2010, 2011, 2017 and 2023 for the survey plot.

As per the toposheet of 1967, the survey plot 234/14 was observed as paddy land. The plot was observed under crops in the data of 2008. The same land use pattern was observed to continue in the data of 2010, 2011 and 2017. the date of 2023 shows the plot under fallow land with scattered vegetation.

As per the toposheet of 1967, the survey plots 234/10 and 234/11 were observed as paddy land. The plots wee observed under scattered mixed vegetation/plantation in the data of 2008. The same land use patterns were observed to continue in the data of 2010, 2011 and 2017. The data of 2023 shows the plot under exposed soil with scattered mixed vegetation/plantation.

As per the toposheet of 1967, the survey plot 234/15 was observed as paddy land. The plot was observed under mixed vegetation/plantation in the data of 2008. The same land use pattern was observed to continue in the data of 2010, 2011, and 2017. The data of 2023 shows the plot under exposed soil with scattered mixed vegetation/plantation.

5. മേൽ റിപ്പോർട്ടുകളുടേയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. ഹർജി വസ്തുവിന്റെ സർവ്വേ നമ്പറിലെ സബ് ഡിവിഷനുകൾ വ്യക്തമായി അതിർത്തി നിർണ്ണയിച്ചാൽ നെൽവയൽ എന്ന ഭാഗം ഒഴിവാക്കി, ബാക്കി ഭാഗം KSREC റിപ്പോർട്ടിന്റേയും സ്ഥലപരിശോധനയുടേയും അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി നൽകാവുന്നതാണ് എന്ന് വ്യക്തമാകുന്നു. അപ്രകാരം, ഹർജി വസ്തുവിന്റ അതിർത്തി വ്യക്തമായി നിർണ്ണയിച്ച് ശ്രീ.അശോകൻ സമർപ്പിച്ച ഫോം 5 അപേക്ഷ പുന:പരിശോധിച്ച് ഉചിത തീരുമാനം കൈക്കൊള്ളുന്നതിന് റവന്യൂ

ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും, അപ്രകാരം ശ്രീ.അശോകൻ സമർപ്പിച്ച പരാമർശം (2) റിവിഷൻ ഹർജി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദേവി എൽ ആർ
അഡിഷണൽ സെക്രട്ടറി

1. ശ്രീ. അശോകൻ, അജേഷ് ഭവൻ, അയത്തിൽ ചേരി, അയത്തിൽ പി.ഒ., കൊല്ലം-691021.
2. ജില്ലാ കളക്ടർ, കൊല്ലം.
3. സബ് കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ, കൊല്ലം.
4. കൃഷി ഓഫീസർ, കൃഷി ഭവൻ തൃക്കോവിൽവട്ടം, കൊല്ലം.
5. വില്ലേജ് ഓഫീസർ, തൃക്കോവിൽവട്ടം, കൊല്ലം.
6. വിവരം പൊതുജന സമ്പർക്ക് വകുപ്പ് (പ്രസിദ്ധീകരണത്തിന്).
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. NCA2/155/2025-AGRI).

ഉത്തരവിൻ പ്രകാരം
**Signed by Manesh C M**
**Date: 22-06-2026 11:51:35**
സെക്ഷൻ ഓഫീസർ